# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# ആലപ്പുഴ-688001


**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി.7/1014/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/09/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള

പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി.7/1014/2025 തീയ്യതി: 27/09/2025

# ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതാദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2025 | 02-08-2025 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2025 | 02-08-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജയകൃഷ്ണ.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.രാജി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീദേവി.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ടിനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.സുധാകര കുറുപ്പ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ബാലനാരായണൻ.കെ.ബി | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീദേവി.ആർ | അസി.സെക്രട്ടറി | 01-04-2024 | 04-10-2024 |
| ശ്രീ.സന്തോഷ് കുമാർ.എം | അസി.സെക്രട്ടറി | 05-10-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ.ജോർജ്ജ് തോമസ് ചിറയിൽ | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഗായത്രി.കെ.എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ഡോ.ബിനിൽ ചന്ദ്രൻ | വെറ്റി.സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഡോ.ബിനിത | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2024 | 01-08-2024 |
| ശ്രീമതി.ഡോ.നവനീത | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 02-08-2024 | 31-03-2025 |
| ശ്രീമതി.ഡോ.പ്രീത.എച്ച് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദ) | 01-04-2024 | 31-03-2025 |
| ശ്രീമതി.ഡോ.രജിത റാണി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 09-07-2024 |
| ശ്രീ.ഡോ.മനോജ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 10-07-2024 | 31-03-2025 |
| ശ്രീമതി. ശ്രുതി.എം | വി.ഇ.ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷൈലജ.പി.എസ് | വി.ഇ.ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി.എം.ജെ.ഉഷ | ഹെഡ് മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ഷൈന സദാശിവൻ | ഐ.സി.ഡി.എസ് | 01-04-2024 | 31-03-2025 |
| ശ്രീ.പ്രകാശ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.റിഷി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവുകൾ പൂർണമായും അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-1 |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ലേലം - കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി ഈടാക്കിയതിൽ കുറവ് | 1-10 |
| 17 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 18 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നില്ല | 1-12 |
| 19 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |

| | | |
|---|---|---|
| 20 | വസ്തു നികുതി പരിഷ്ക്കരണം- ഫീൽഡ് തല പരിശോധന പൂർത്തിയായില്ല | 1-14 |
| 21 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോൾ വാടക ഈടാക്കുന്നില്ല | 1-15 |
| 22 | ലേലം തുക അടവാക്കിയില്ല | 1-16 |
| 23 | സാമൂഹ്യസുരക്ഷ പെൻഷൻ -മരണപ്പെടുന്നവരെ സസ്പെൻഡ് ചെയ്യുന്നതിൽ കാലതാമസം | 1-17 |
| 24 | എസ് സി വിദ്യാർത്ഥികൾക്ക് വിതരണത്തിനായുള്ള ലാപ്ടോപ്പ് ലഭ്യമായില്ല | 1-18 |
| 25 | പഠനമുറി - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല | 1-19 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ-വിതരണം പൂർണ്ണമല്ല | 1-20 |
| 27 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -ചെലവിന് ആസ്പദമായ രേഖകൾ ഹാജരാക്കിയില്ല | 1-21 |
| 28 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-22 |
| 29 | തുക മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല | 1-23 |
| 30 | ജി എസ് റ്റി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല | 1-24 |
| 31 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 32 | പ്രവൃത്തികൾ കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 33 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 34 | പി.എച്ച്.സി-യ്ക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-28 |
| 35 | എം.ജി.എൻ.ആർ.ഇ.ജി.എസ് - പ്രവൃത്തി നിർവഹണത്തിൽ ഗുരുതര അപാകതകൾ. | 1-29 |
| 36 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി -നിർവ്വഹണ രേഖകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല | 1-30 |
| 37 | എം.ജി.എൻ.ആർ.ഇ.ജി.എസ് -ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിൽ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല | 1-31 |

| | | |
|---|---|---|
| 38 | മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾക്ക് ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു | 1-32 |
| 39 | ഹരിത കർമ്മസേനയ്ക്ക് ട്രോളി-സ്ഥാപനത്തിന് അധികം നൽകിയ 15000/-രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് | 1-33 |
| 40 | ജൽ ജീവൻ പദ്ധതി അവലോകനം | 1-34 |
| 41 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-35 |
| **ഭാഗം 2** | | |
| 1 | അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 2 | സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് - വിവരശേഖരണം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർ ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 23.06.2025 ലെ (2)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി26.06.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## <u>1-1-1 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവുകൾ പൂർണമായും അക്കൗണ്ട് ചെയ്തിട്ടില്ല</u>

വിവിധ ഫണ്ടുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഉൾപ്പടെ) | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11469795 | 12047729 | 577934 |

വിവിധ പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർമാരുടെ ലോഗിനിൽ ആയിരുന്നതിനാലാണ് വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവുകളും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നതെന്നും വെറ്റിംഗ് പൂർത്തിയാക്കി തിരികെ ലഭിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി.

## 1-1-2 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

RP-33 പ്രകാരം Contractors Retention ഇനത്തിൽ വരവ് 329880/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 891685/- രൂപയാണ് വരവിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 ലേലം - കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലേലം- വാർഷിക കണക്ക് പ്രകാരം Receipt From Sale Of Scrap/ Empties And Waste Materials ഡിമാന്റ് 47202/- രൂപയും കളക്ഷൻ 13240/- രൂപയുമാണ്. കുടിശിക ബാലൻസ് ഷീറ്റിലും ലേലം രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല. ലേലം രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റും കളക്ഷനും 159994/-രൂപയാണ്.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളുടെയും വിവരമുൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 12/02/2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.03.2025-ലെ 1(2) തീരുമാനപ്രകാരവും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26.03.2025-ലെ 1(2) തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | ₹37,50,50,317/- | ₹35,91,55,346/- |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | ₹ 27,44,37,956/- | ₹25,68,00,230/- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,99,10,885 |
| വരവ് | 13,38,94,875 |
| ആകെ | 16,38,05,760 |
| ചെലവ് | 12,63,36,621 |
| നീക്കിയിരിപ്പ് | 3,74,69,139 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന (ജനറൽ, എസ്.സി.പി, റ്റി.എസ്.പി) ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ ഉൾപ്പെടുത്തിയതു മൂലം ഈയിനങ്ങളുടെ വരവ്, നീക്കിയിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവിലും വ്യത്യാസമുണ്ട്.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 23173054 | 26612000 |
| ചെലവ് | 25769667 | **26610468** |
| നീക്കിയിരിപ്പ് | -2596613 | 1532 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 13818969 | 14636000 |
| ചെലവ് | 14633066 | 14633066 |
| നീക്കിയിരിപ്പ് | -814097 | 2934 |

3.വികസന ഫണ്ട് (റ്റി.എസ്.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 165749 | 187000 |
| ചെലവ് | 122942 | 182942 |
| നീക്കിയിരിപ്പ് | 42807 | 4058 |

4.മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 16290000 | 16290000 |
| ചെലവ് | 12991835 | 13017021 |
| നീക്കിയിരിപ്പ് | 3298165 | 3272979 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്-ബാങ്ക്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 3638752 |
| വരവ് | 10531095 | 10531095 |
| ആകെ | 10531095 | 14169847 |
| ചെലവ് | 7427762 | 6973097 |
| നീക്കിയിരിപ്പ് | 310333 | 7196750 (361014-Lapsed) |

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 2963503 |
| വരവ് | 4750784 | 4750784 |
| പലിശ | 0 | 275656 |
| ആകെ | 4750784 | 7989943 |
| ചെലവ് | 4619967 | 4496698 |
| നീക്കിയിരിപ്പ് | 130817 | 3493245 (133181-Lapsed) |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | സോഴ്സ് ഡിഡക്ഷൻ | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23173054 | 3438946 | 26612000 | **26610468** | 1532 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13818969 | 817031 | 14636000 | 14633066 | 2934 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 165749 | 21251 | 187000 | 182942 | 4058 (ലാപ്സ്ഡ്) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 21196000 | - | 21196000 | 11964831 | 9231169 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് - | 0 | 16290000 | - | 16290000 | 13017021 | 3272979 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| നോൺ റോഡ് | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്(ബാങ്ക്) | 2963503 | 4760078 (പലിശ-275656 ഉൾപ്പടെ) | - | 7723581 | 4363517 | 3360064 (ബാങ്ക്)* |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്(ട്രഷറി) | 0 | 266362 | - | 266362 | 133181 | 133181 (ലാപ്സായി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്(ബാങ്ക്) | 3638752 | 9726500 | - | 13365252 | 6529516 | 6835736 (ബാങ്ക്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്(ട്രഷറി) | 0 | 804595 | - | 804595 | 443581 | 361014 (ലാപ്സായി) |

*ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭിച്ച 18,00,000/-രൂപ ഉൾപ്പെടെ ബാങ്കിൽ 51,60,064/- രൂപ ബാലൻസുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | ചെലവ് | ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 309 | 357210017 | 270 | 138035831 | 118 | 39 | 49% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 913423 | 1215355 | 2128778 | 2128778 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33538000 | 33538000 | 33538000 | 0 |
| ആകെ- | 913423 | 34753355 | 35666778 | 35666778 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10612400 | 658 |
| വിധവാ പെൻഷൻ | 24291000 | 1607 |
| വാർദ്ധക്യകാല പെൻഷൻ | 53434500 | 3777 |
| വികലാംഗ പെൻഷൻ | 6937100 | 432 |
| അവിവാഹിത പെൻഷൻ | 1080400 | 66 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2025 തീയതിയിൽ 3.15 P.M ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 70725/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓഡിറ്റ് വർഷം 21 തവണ ഭരണ സമിതി യോഗം കൂടിയിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ സോഫ്റ്റ്വെയറിലെ രേഖപ്പെടുത്തലുകൾ പരിഗണിച്ചാൽ ഓഡിറ്റ് വർഷം ആകെ 5 തവണയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നത്. മിനിറ്റ്സ് രേഖപ്പെടുത്താനുള്ള 3 യോഗങ്ങളുടെയും മിനുറ്റ്സ് രേഖപ്പെടുത്തിയ 2 യോഗങ്ങളുടെയും വിവരം മാത്രമാണ് സോഫ്റ്റ്വെയറിൽ ലഭ്യമായിട്ടുള്ളത്. യോഗവിവരങ്ങൾ കൃത്യമായി ഡേറ്റാ എൻട്രി നടത്തുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

2. തൻവർഷം ഒരു തവണ മാത്രം പ്രൊക്യുർമെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

3. വാർഷിക പദ്ധതി ആസൂത്രണപ്രക്രിയയിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ല. നൂതനമായ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

4. വരവിനങ്ങളുടെ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ രജിസ്റ്ററുകളിലൊന്നും ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകളും കൃത്യമാക്കേണ്ടതാണ്.

5. ജനറൽ-കമ്പ്യൂട്ടർ ഹാർഡ്വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ടെന്ന് കാണുന്നു.

ഗ്രാമ പഞ്ചായത്തിൽ 2024-25 വർഷം നടപ്പാക്കിയ നം.42/2025 പ്രോജക്ടിലൂടെ ഐ.എസ്.ഒ അംഗീകാരത്തിനുള്ള നടപടി സ്വീകരിച്ചിരുന്നു. 28.03.2026 വരെ ISO അംഗീകാരം ലഭിച്ചിട്ടുണ്ട്.
ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-10 സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ ഉപയോഗക്രമം തെറ്റായി ചേർത്തതിനാൽ നികുതി നിരക്കിൽ വ്യത്യാസമുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്, കെട്ടിട നമ്പർ, തറ വിസ്തീർണ്ണം, അസെസ്മെന്റ് തീയതി | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമം, ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | വസ്തുനികുതിയിൽ ഉണ്ടായ നഷ്ടം (രൂപ) |
|---|---|---|---|---|
| 1 | ഗിരീഷ് നായർ, രാജശ്രീ നായർ, 5/26B, താഴത്തെ നില-177.75ച.മീ, ഒന്നാം നില-127.02ച.മീ, ആകെ- 304.77 ച.മീ 17.02.2025 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ നികുതി നിരക്ക് -8.4/- അടിസ്ഥാന വസ്തു നികുതി-8.4 X 304.77= | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.ൽ മുകളിലുള്ളവ നികുതി നിരക്ക് -10.5/- | 864/- |

| | | | | |
|---|---|---|---|---|
| | | 2560.068/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%-512.013/- തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്- 15%-384.0102 ആകെ വസ്തു നികുതി-3457/- | അടിസ്ഥാന വസ്തു നികുതി-10.5 X 304.77= 3200.085/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%-640.017/- തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്- 15%-480.0127 ആകെ വസ്തു നികുതി-4321/- | |

2024-25 രണ്ടാം അർദ്ധവർഷം മുതലാണ് കെട്ടിടത്തിന്റെ വസ്തുനികുതി ബാധ്യത. 2024-25 വർഷം 432/- രൂപ കുറവ് വന്നിട്ടുണ്ട്, വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ലാബുകൾ സ.ഉ(സാധാ)നം. 1149/2024 എൽ.എസ്.ജി.ഡി തീയതി 27.06.2024 പ്രകാരം 01.10.2024 പ്രാബല്യത്തിൽ പരിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 2024-25 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ, തീയതി എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.5/28.07.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1. | സുധാമണി. എസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 43386/- | 300 | 600 | 300 |
| 2. | മറിയാമ്മ ജോർജ്ജ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 54769/- | 450 | 750 | 300 |
| 3. | രാധാമണി.കെ | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 54936/- | 450 | 750 | 300 |
| 4. | നിഷ ജോയ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 52758/- | 450 | 750 | 300 |
| 5. | ജെസ്സി വർഗ്ഗീസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 53746/- | 450 | 750 | 300 |
| 6. | ജെസ്സി തോമസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 49278/- | 450 | 750 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 7. | ബെറ്റി രാജൻ | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 47372/- | 450 | 750 | 300 |
| 8. | പ്രജമുദ.പി | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 44569/- | 300 | 600 | 300 |
| 9. | ഗ്ലാഡിസ്.ജെ.പി | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 46602/- | 450 | 750 | 300 |
| 10. | റീബ വർഗ്ഗീസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 43004/- | 300 | 600 | 300 |
| 11 | അർച്ചന.സി.കുറുപ്പ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 41538/- | 300 | 600 | 300 |
| 12 | നീതു | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 23282/- | 180 | 450 | 270 |
| 13 | ഷൈനി തോമസ് | മറ്റം സെന്റ് ജോൺസ്.എച്ച്. | 41358/- | 300 | 600 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | എസ്.എസ്, നഴ്സറി & പ്രൈമറി | | | | |
| 14 | ശ്രീജ.എസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 40060/- | 300 | 600 | 300 |
| 15 | ഷാനി തോമസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 55164/- | 450 | 750 | 300 |
| 16 | ദീപ്തി റെയ്ച്ചൽ | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 41606/- | 300 | 600 | 300 |
| 17 | സൂസമ്മ വർഗ്ഗീസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 35196/- | 300 | 600 | 300 |
| 18 | ജോളി റെൻസി ഡാനിയേൽ | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 30336/- | 300 | 600 | 300 |
| 19 | സുനി സാറാ ജോർജ്ജ് | ഹോളി മേരി സെൻട്രൽ സ്ക്കൂൾ | 111600/- | 750 | 1000 | 250 |
| | | | | | ആകെ | 5620 |

ഈടാക്കാനവശേഷിക്കുന്ന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ, തീയതി എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.17/01.08.2025) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു.

1) ഇൻഡൽ മണി

2) അക്ഷയ സെന്ററർ, പേള

3) റേഷൻ കടകൾ

4) ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

I) മാവേലിക്കര എം.എസ്.സി.എസ് ലിമിറ്റഡ് നം.A91(D), APCOS

Ii) ഓണാട്ടുകര കെ.യു.സി.എസ് A103, മാവേലിക്കര

5) എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ

I) കെ.ബാലകൃഷ്ണൻ, കരിക്കാട്ട് ഹൌസ്, ഹരിപ്പാട്

Ii)ഐസക്ക് പി.എ, ഭഗവതുക്കുഴി, കടപ്ര

III) പി.കെ ചാക്കോ, മനോജ് വില്ല, മാവേലിക്കര

Iv) സുരേഷ് ബാബു.ഡി, കോലാശ്ശേരിൽ, ചെട്ടികുളങ്ങര

V)കെ.ബാലകൃഷ്ണൻ, മുട്ടം പി.ഒ

Vi) എൻ.വിജയരാജൻ, തെക്കേവീട്ടിൽ, ഈരേഴ സൌത്ത്

Vii) ഉണ്ണികൃഷ്ണൻ.പി.എസ്, നടുവിയലത്ത്, ഈരേഴ സൌത്ത്

Viii) ടി.എൻ.ശാന്തിലാൽ, നെടുതറയിൽ, മുട്ടം.പി.ഒ

Ix) സുരേഷ് ബാബു.ഡി,കോലാശ്ശേരിൽ, ചെട്ടികുളങ്ങര

X) ആനന്ദരാജൻ, ഐശ്വര്യ, ഉമ്പേർനാട്

Xi) ജിതിൻ മോഹൻ, ശാന്തി ഭവനം

Xii) അനൂപ് ബാബു, പുത്തൻവീട്ടിൽ

Xiii) ജ്യോതി സരസൻ, താരകൻതറയിൽ

Xiv) സുനിൽ ഭാസ്ക്കർ, പുനമ്മൂട്ടിൽ ഹൌസ്

ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ഹാജരാക്കേണ്ടതും, അടവാക്കിയിട്ടില്ലായെങ്കിൽ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ, തൊഴിൽനികുതി രജിസ്റ്റർ എന്നിവ ഒത്തു പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

1) ഷൈമാസ് മോട്ടോഴ്സ്, മാവേലിക്കര

2) സപ്ലൈക്കോ മാവേലിസ്റ്റോർ

3) അക്ഷയ സെന്ററർ, പനച്ചമൂട്

4) ഇ.വി.എം ലൈറ്റ് മോട്ടോഴ്സ്

5) വിഷ്ണു ഫ്യൂവൽസ്

6)എൻ-ടാക്സ് ട്രാൻസ്പോർട്ടേഷൻ സർവ്വീസ്

7)പിയാജിയോ ആപ്പേ

II) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

1) എം.എ ഹോം ഡെക്കോർ പ്രൈവറ്റ് ലിമിറ്റഡ് ബ്ലൈൻഡ്സ്, കർട്ടൻസ്

2) വിഹാൻസ് ഡെക്കോർസ്

3) മാധവാ ഫ്യൂവൽസ്

III) 2024-25 ൽ ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടയ്ക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല.

IV) ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞവ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകചയറി (നം.8/30.07.2025) ക്ക് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് 2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് എടുക്കുന്നതിന് അറിയിപ്പ് നൽകുന്നതാണെന്നും, ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ചാണ് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വരുന്നതെന്നറിയിച്ചു. ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ ഒന്നും

പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, ട്രേഡ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, ലൈസൻസ് അപേക്ഷകൾ പൂർണ്ണമാണെന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 വസ്തു നികുതി പരിഷ്ക്കരണം- ഫീൽഡ് തല പരിശോധന പൂർത്തിയായില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ. ഉ (കൈ)77/2023/ ത.സ്വ.ഭ.വ. തീയതി 22.03.23 പ്രകാരം) 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഏതെങ്കിലും ഗ്രാമപഞ്ചായത്ത് GIS സംവിധാനം മുഖേനയോ മറ്റേതെങ്കിലും മാർഗ്ഗത്തിലോ കുറ്റമറ്റ രീതിയിൽ കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഇതിനോടകം ശേഖരിച്ചിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന ആവശ്യമില്ലാത്തതും ആ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കാവുന്നതുമാണെന്ന് നിർദ്ദേശിച്ചിരുന്നു. 04.10.2018 ലെ സ.ഉ (സാധാ.)നം-2556/2018/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്ത് 2019-20, 2020-21 വർഷങ്ങളിലായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി മുഖാന്തിരം അസറ്റ് മാപ്പിംഗ് നടത്തുകയും സോഫ്റ്റ്‌വെയർ അധിഷ്ഠിത വിവര അടിത്തറ സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതായി മുൻ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

നിലവിൽ വീടുകളുടെ വിവരശേഖരണം നടത്തി വസ്തുനികുതി പുനനിർണ്ണയിക്കുന്നതിനായി, 21.07.2023 ലെ 13(1)-ാം നമ്പർ തീരുമാനപ്രകാരം 10 പേരെ വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി നിയോഗിച്ചതായും, ആകെയുള്ള 21 വാർഡുകളിൽ 6 വാർഡുകളിലെ വിവരശേഖരണം പൂർത്തീകരിച്ചതായും വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച വിവരശേഖരണത്തിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.7/30.07.2025)ക് ക് മറുപടി ലഭ്യമാക്കി. 2024-25 സാമ്പത്തിക വർഷം ആകെ 21270/- (ചെക്ക് നം.645489/22.02.2025) രൂപ വിവരശേഖരണത്തിനായി ചെലവഴിച്ചതായും, ഉദ്യോഗസ്ഥതല പരിശോധന നടത്തിയിട്ടില്ലായെന്നും മറുപടിയിൽ

അറിയിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുടെ സഹായത്തോടെ സൃഷ്ടിച്ച വിവര അടിത്തറ കാലികമാക്കുന്നതിനും കരാർ പ്രകാരമുള്ള വാഗ്ദാനങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതും അസറ്റ് മാപ്പിംഗിനായി തയ്യാറാക്കിയ വിവരങ്ങൾ വസ്തുനികുതി അസസ്മെന്റിനായി ഉപയോഗയോഗ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കാനും മുന്റിപ്പോർട്ടിൽ നിർദ്ദേശമുണ്ടെങ്കിലും നിലവിലും താൽക്കാലിക ജീവനക്കാരെ നിയോഗിച്ച് വിവരശേഖരണം നടത്തുന്നുവെന്നാണ് മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്. അസറ്റ് മാപ്പിംഗിനായി 25,57,355/- രൂപയും 2024-25 സാമ്പത്തിക വർഷം വിവരശേഖരണത്തിനായി 21270/- രൂപ ചെലവഴിച്ചിട്ടും പ്രസ്തുത വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർത്ത് ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ ഉപയോഗയോഗ്യമാക്കുന്നതുവരെ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ച 21270/- രൂപ തടസ്സപ്പെടുത്തുന്നു.

(റഫറൻസ്- 2023-24-ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം.1-25)

## 1-15 ഒപ്റ്റിക്കൽ ഫൈബർ കേബിൾ പോൾ വാടക ഈടാക്കുന്നില്ല.

കേരള സർക്കാരിന്റെ 23.01.2020 ലെ ജി.ഒ. (ആർ.ടി.) 89/2020/Pwd നമ്പർ ഉത്തരവു പ്രകാരം TSP/*ISP* സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോളുകൾക്ക് പോൾ ഒന്നിന് വാർഷിക വാടക 360/- രൂപ വാടക ഒടുക്കേണ്ടതായിട്ടുണ്ട്. ഈ വാർഷിക വാടകയ്ക്ക് വർഷം തോറും 5% നിരക്കിൽ വാടക വർദ്ധനവും നിർദ്ദേശിച്ചിട്ടുണ്ട്. ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് പരിധിയിലെ പഞ്ചായത്ത് റോഡുകളിൽ 134 GI പോളുകൾ സ്ഥാപിച്ച് OFC വലിക്കുന്നതിനായി റിലയൻസ് ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് അപേക്ഷ ഓൺ ലൈനായി സമർപ്പിക്കുകയും തുടർന്ന് 13.10.2022 ലെ ജി.ഒ.(ആർ.ടി.) 1983/2021/LSGD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം 14.10.2022-ൽ മരാമത്ത് വിഭാഗം അസിസ്റ്റന്റ് എൻജിനീയർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3,46,549/- രൂപ (റോഡ് റീസ്റ്റോറേഷൻ തുക (2,93,485/- രൂപ) ഒരു വർഷത്തേക്കുള്ള പോൾ വാടക (48,240/- രൂപ) സെക്യൂരിറ്റി ഡെപ്പോസിറ്റ് (4,824 രൂപ) എന്നിവയുൾപ്പെടെ) 17.10.2022 ലെ കത്ത് പ്രകാരം ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം എന്ന വിലാസത്തിൽ ഡിമാൻഡ് ചെയ്തിട്ടുമുള്ളതായി മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ടെങ്കിലും 2024-25 ലെ എ.എഫ്.എസ് പ്രകാരവും ഈ ഇനത്തിൽ വരവില്ല. 2023-24 വർഷത്തെ പോൾ വാടക (134 പോൾ @ 378/ പോൾ – 50,652/- രൂപ രണ്ട് ശതമാനം പിഴപലിശ (9,118 രൂപ) – മുൻ വർഷം ഡിമാന്റ് ചെയ്തത്, 2024-25 സാമ്പത്തിക 5% വർദ്ധനവോടുകൂടിയ തുക എന്നിവ

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ പകർപ്പ് സഹിതം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/01.08.2025) മറുപടി ലഭ്യമാക്കിയില്ല. തുക ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-16 ലേലം തുക അടവാക്കിയില്ല</u>

ഗ്രാമപഞ്ചായത്തിന്റെ ലേല രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ കുടുംബാരോഗ്യകേന്ദ്രത്തിൽ നിൽക്കുന്ന മരങ്ങൾ, ആഞ്ഞിലിപ്ര ഗവ.യു.പി സ്ക്കൂൾ കോമ്പൌണ്ടിൽ നിൽക്കുന്ന മരങ്ങൾ, വടക്കേതുണ്ടം കരിപ്പുഴ റോഡിൽ അപകടകരമായി നിൽക്കുന്ന പൂവരശ് എന്നിവയ്ക്ക് ഫോറസ്റ്റ് വകുപ്പിൽ നിന്നുള്ള വാല്യുവേഷൻ അനുസരിച്ച് ആകെ 104452/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 01.07.2024 ൽ നടന്ന ലേലത്തിൽ, സുരേഷ്കുമാർ, ഇടയിലത്ത് വീട് എന്ന വ്യക്തി 104600/-രൂപയ്ക്ക് ലേലം കൊണ്ടെങ്കിലും തുക അടവാക്കാത്തതിനാൽ 19.07.2024ലെ 10(1) നമ്പർ തീരുമാനപ്രകാരം പ്രസ്തുത ലേലം റദ്ദ് ചെയ്തു. പഞ്ചായത്തിന്റെ 22.06.24-ലെ സി3/3325/23 നമ്പർ മരം പുനർലേലം/ക്വട്ടേഷൻ പരസ്യം പ്രകാരം താൽക്കാലികമായി ലേലം/ക്വട്ടേഷൻ ലഭിക്കുന്നവർ തുകയും നികുതികളും ഉൾപ്പെടുന്ന ആകെ തുകയുടെ രണ്ടിലൊന്ന് അന്ന്തന്നെ പഞ്ചായത്താഫീസിൽ ഒടുക്കേണ്ടതും ഗ്രാമപഞ്ചായത്ത് കമ്മിറ്റി ലേലം അന്തിമമായി സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് മുഴുവൻ തുകയും 18% ജി.എസ്.ടിയും, 5% വനനികുതിയും ചേർത്തുള്ള തുക പഞ്ചായത്താഫീസിൽ അടവാക്കേണ്ടതാണ്. എന്നാൽ 104600/- രൂപയുടെ രണ്ടിലൊന്ന് ഈടാക്കിയതായോ, മേൽപ്പറഞ്ഞവ പുനർലേലം നടത്തിയതായോ കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/31.07.2025) ലഭ്യമാക്കിയ മറുപടി പ്രകാരം അപകടകരമായ മരങ്ങൾ മുറിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ട്രീ കമ്മിറ്റി കൂടി ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ള എല്ലാ മരങ്ങളും മുറിച്ച് ആയവയുടെ വാല്യുവേഷൻ എടുത്ത് ലേല നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ലേല നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-17 സാമൂഹ്യസുരക്ഷ പെൻഷൻ -മരണപ്പെടുന്നവരെ സസ്പെൻഡ് ചെയ്യുന്നതിൽ കാലതാമസം</u>

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവന ഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും, ഡയറക്ട് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിക്കൊണ്ടിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 25/02.08.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല.

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നം. | പേര്/ വിലാസം | പെൻഷൻ തരം/ ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ തുക |
|---|---|---|---|---|
| 1 | രാജമ്മാൾ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104830200109 | 10.10.2023/ 14.08.2024 | 1600x4 (11/23 മുതൽ-2/24 വരെ) 6400/- അക്കൌണ്ടിൽ നിക്ഷേപിച്ചു |

2) സഹകരണ ബാങ്കുകൾ വഴി (ഡയറക്ട് ടു ഹോം)

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | കൈപ്പറ്റാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | വനജാക്ഷിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104830200119 | 09.02.2024/ 13/08/2024 | 1600x5 | 10/2023 മുതൽ 2/2024 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |

ക്രമ നം.1 പ്രകാരം അനർഹമായ കാലയളവിൽ അക്കൌണ്ടിൽ നിക്ഷേപിച്ച പെൻഷൻ തുകയും, ക്രമ നം.2 പ്രകാരം അനർഹമായ കാലയളവിലേക്ക് നൽകിയ തുകയും സഹകരണബാങ്ക് കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-18 എസ് സി വിദ്യാർത്ഥികൾക്ക് വിതരണത്തിനായുള്ള ലാപ്ടോപ്പ് ലഭ്യമായില്ല</u>

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| പ്രോജക്ട് നം. | S0165/25 |
| ഫണ്ട് | വികസനഫണ്ട് (എസ് സി പി) |
| അടങ്കൽ | 2,14,250/- |
| ചെലവ് | 2,13,642/- (240704000000002109/20.05.24) |

ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത 6 കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി 21.11.23 ലെ ഇൻവോയിസ് പ്രകാരം 2,13,642/-രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ലാപ്ടോപ്പുകൾ ലഭ്യമായതിന്റെയും സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെയും വിവരമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/28.07.25), കെൽട്രോൺ നാളിതുവരെയും ലാപ്ടോപ്പുകൾ ലഭ്യമാക്കിയില്ല എന്നും തുക തിരികെ ആവശ്യപ്പെട്ട് 25.02.25 ൽ കത്ത് നൽകിയിട്ടുള്ളതായും മറുപടി നൽകി. ഗുണഭോക്താക്കളായ കുട്ടികൾ കോഴ്സ് പൂർത്തിയാക്കിയ സാഹചര്യത്തിൽ അവർക്ക് ലാപ്ടോപ്പ് ലഭിക്കാനുള്ള അർഹത നഷ്ടപ്പെട്ടതായും അറിയിച്ചു. ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥാപനത്തിന് തുക നൽകുക വഴി സമയബന്ധിതമായി ലാപ്ടോപ്പുകൾ ലഭ്യമാകാതെ, വിദ്യാർത്ഥികൾക്ക് അർഹമായിരുന്ന ആനുകൂല്യം നഷ്ടപ്പെട്ടു. വിഷയത്തിൽ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച്, കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 2,13,642/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 പഠനമുറി - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | എസ് സി കുട്ടികൾക്ക് പഠനമുറി |
| പ്രോജക്ട് നം | S0201/25 |
| ഫണ്ട് | വികസനഫണ്ട് (എസ് സി പി) |
| അടങ്കൽ | 4,75,000/- |
| ചെലവ് | 3,65,000/- |

പദ്ധതിയിൽ ആദ്യഗഡുവായി 90,000/-രൂപ (240704000000012421/19.12.24) കൈപ്പറ്റിയ നിവേദ്യ, D/O സുമേഷ്, ചിറയിൽ പടീറ്റതിൽ എന്ന ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയായിട്ടില്ല. പദ്ധതി സ്പിൽ ഓവറായി നടപ്പാക്കുന്നതായും നിർമ്മാണം പൂർത്തിയാകുന്ന മുറക്ക്

വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.2/28.07.25) മറുപടി ലഭ്യമാക്കി. പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി മറുപടി ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 90,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 വയോജനങ്ങൾക്ക് കട്ടിൽ-വിതരണം പൂർണ്ണമല്ല

1) പ്രോജക്ട് നം.S0025/25-വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ - 635040 (വികസന ഫണ്ട്)

ചെലവ് - 304500(BRN 2008701216593/23.01.2025)

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 2900/- രൂപ നിരക്കിൽ പി ജി എന്ററർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.7/21.01.25 പ്രകാരം 105 കട്ടിൽ വാങ്ങിയിട്ടുണ്ട്. കട്ടിലിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി സുധർമ്മ, മുതലശേരിൽ തെക്കതിൽ, വാർഡ്- 11 എന്ന ഗുണഭോക്താവ് കട്ടിൽ കൈപ്പറ്റിയിട്ടില്ല.

2)പ്രോജക്ട് നം.S0159/25-വയോജനങ്ങൾക്ക് കട്ടിൽ (Spill Over)

അടങ്കൽ - 145000 (വികസന ഫണ്ട്)

ചെലവ് - 145000 (BRN 2008700180170/17.05.2024)

പി ജി എന്ററർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.54/25.03.24 പ്രകാരം 50 കട്ടിൽ വാങ്ങിയതിന്റെ തുക മേൽ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. കട്ടിലിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 48 ഗുണഭോക്താക്കൾ മാത്രമാണ് കട്ടിൽ കൈപ്പറ്റിയിട്ടുള്ളത്.
എത്രയും വേഗം കട്ടിൽ വിതരണം നടത്തി കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/31.07.2025) മറുപടി ലഭ്യമാക്കി. വിതരണം പൂർത്തിയാക്കി രേഖ ഹാജരാക്കുന്നതുവരെ രണ്ട് പ്രോജക്ടുകളിലായി വിതരണം ചെയ്യാതെ അവശേഷിക്കുന്ന 3 കട്ടിലിന്റെ ചെലവ് 8700/- രൂപ (2900+ 5800)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -ചെലവിന് ആസ്പദമായ രേഖകൾ ഹാജരാക്കിയില്ല

1.

| | |
|---|---|
| പ്രോജക്ട് നം. | S0148/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | എള്ള് കൃഷി വികസനം |
| ഫണ്ട് | ഡവലപ്മെന്റ് ഫണ്ട് (ജനറൽ) |
| അടങ്കൽ | 315960/- |
| ചെലവ് | 315960/- |
| റ്റി ആർ എൻ നം, തീയതി | 240704000000002235/22.05.24 (39345/-)<br>240704000000002236/22.05.24 (94965/-)<br>240704000000002238/22.05.24 (181650/-) |

എൺപത്തിനാല് ഗുണഭോക്താക്കൾക്ക് കൂലിചെലവ് സബ്സിഡി ഇനത്തിൽ 315960/-രൂപ ചെലവഴിച്ചിട്ടുണ്ട്. കർഷകർ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ആനുപാതികമായി അനുവദിച്ച തുക എന്നിവയുടെ വിവരം ലഭ്യമാക്കിയില്ല.

2.

| | | | | |
|---|---|---|---|---|
| പ്രോജക്ട് നം. | S0125/25 (സ്പിൽ ഓവർ) | | | |
| പ്രോജക്ടിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം | | | |
| ഫണ്ട് | ഡവലപ്മെന്റ് ഫണ്ട് (ജനറൽ) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | ആകെ |
| അടങ്കൽ | 14,50,000/- | 8,00,000/- | 8,00,000/- | 3050000/- |
| ചെലവ് | 13,19,960/- | 256450/- | 202500/- | 1778910/- |

| | | | | |
|---|---|---|---|---|
| | 2407090000000012563/ 21.12.24 (4,62,000/-) | 2407090000000016758/ 14.03.25 (3529) | 2407090000000016745/ 14.03.25 (2305/-) | |
| | 2407090000000012562/ 21.12.24 (30240/-) | 2407090000000016760/ 14.03.25 (2900/-) | 2407090000000016747/ 14.03.25 (2788/-) | |
| | 2407090000000016756/ 14.03.25 (264901/-) | 2407090000000016762/ 14.03.25 (250021/-) | 2407090000000016748/ 14.03.25 (126810/-) | |
| റ്റി ആർ എൻ നം, തീയതി | 2407090000000016757/ 14.03.25 (468636/-) | | 2407090000000016749/ 14.03.25 (65091/-) | |
| | 2407090000000012561/ 21.12.24 (27720/-) | | 2407090000000016750/ 14.03.25 (5506/-) | |
| | 2407090000000016752/ 14.03.25 (10931/-) | | | |
| | 2407090000000016753/ 14.03.25 (9037/-) | | | |
| | 2407090000000016755/ 14.03.25 (46495/-) | | | |

പദ്ധതിയിൽ ആകെ ചെലവഴിച്ച 17,78,910/- രൂപയിൽ 5,19,960/-രൂപ വിത്ത് വാങ്ങലിനും 12,58,950/-രൂപ കൂലിചെലവ് സബ്സിഡി ഇനത്തിലുമാണ് ചെലവഴിച്ചത്. വെള്ളാണിക്കര കാർഷികസർവ്വകലാശാലയിൽ നിന്നും 11000Kg ജ്യോതി നെൽവിത്ത്, 720Kg ഉമ നെൽവിത്ത് എന്നിവയും ഓണാട്ടുകര റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സെന്ററിൽ നിന്നും 660Kg ഭാഗ്യ നെൽവിത്തുമാണ് വാങ്ങിയത്. ഇവ പാടശേഖരസമിതികൾ മുഖേന കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി. എന്നാൽ കൂലിചെലവ് സബ്സിഡിയുടെ ചെലവിന് ആസ്പദമായ രേഖകൾ (കർഷകർ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ആനുപാതികമായി അനുവദിച്ച തുക) എന്നിവ ഹാജരാക്കിയില്ല.

ചെലവിനാസ്പദമായ രേഖകളുടെ അഭാവത്തിൽ ക്രമ നം.1, 2 പദ്ധതികളിൽ കൂലിചെലവ് സബിസിഡി ഇനത്തിൽ ചെലവഴിച്ച 15,74,910/-രൂപ (3,15,960 + 12,58,950) തടസ്സപ്പെടുത്തുന്നു. അപാകതകൾ പരാമർശിച്ച്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/31.07.25) രേഖകൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലുൾപ്പെടെ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ഇപ്പോഴും നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് നം. | ആകെ നൽകിയ തുക | ആദ്യ ഗഡു തീയതി |
|---|---|---|---|
| 1 | എസ് സി ലത, വാർഡ്-14 | 140000 | 02.05.2023 |
| 2 | കാർത്ത്യായനി, വാർഡ്-20 | 40000 | 02.05.2023 |
| 3 | പെണ്ണമ്മ, വാർഡ്-1 | 40000 | 31.03.2024 |
| 4 | സുനിത, വാർഡ്-1 | 40000 | 31.03.2024 |
| 5 | അമ്മണി,വാർഡ്-2 | 40000 | 21.10.2023 |
| 6 | രമണി കെ വി, വാർഡ്-5 | 200000 | 21.10.2023 |
| 7 | പൊന്നമ്മ, വാർഡ്-2 | 200000 | 01.09.2023 |
| 8 | ബാലചന്ദ്രൻ, വാർഡ്-2 | 200000 | 24.06.2023 |
| 9 | സുധാകരൻ കെ, വാർഡ്-7 | 40000 | 23.06.2023 |
| 10 | സതീശൻ, വാർഡ്-8 | 40000 | 23.06.2023 |
| 11 | പങ്കജാക്ഷി, വാർഡ്-12 | 40000 | 24.06.2023 |
| 12 | ശരത് രാധാകൃഷ്ണൻ,വാർഡ്-13 | 40000 | 24.06.2023 |
| 13 | സുരേന്ദ്രൻ, വാർഡ്-14 | 140000 | 24.06.2023 |
| 14 | സിന്ധ്യ റ്റി, വാർഡ്-17 | 40000 | 02.05.2023 |

| | | | |
|---|---|---|---|
| 15 | സന്തോഷ് കുമാർ കെ, വാർഡ്-20 | 140000 | 23.06.2023 |
| 16 | രാധ, വാർഡ്-8 | 40000 | 21.10.2023 |
| 17 | മിനി, വാർഡ്-18 | 40000 | 21.10.2023 |
| 18 | ലേഖ, വാർഡ്-18 | 40000 | 21.10.2023 |
| 19 | ഗീത, വാർഡ്-8 | 160000 | 24.02.2023 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 തുക മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല

(എ) പ്രോജക്ട് നം.67/25 -വീട് വാസയോഗ്യമാക്കൽ(എസ് സി)
നിർവഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ.

വികസന ഫണ്ട് (എസ് സി പി) - 31,50,000

ചെലവ് - 14,15,000

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതായിരുന്നു അംഗീകൃത പ്രോജക്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ അഡ്വാൻസ് കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കി തുക പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|
| ശ്രീമതി കൃഷ്ണമ്മ | 75000/- | BRN 2008101462555/07.03.25 |
| ശ്രീമതി ലീന | 75000/- | BRN 2008101527033/13.3.25 |
| ശ്രീമതി സുഷമ ചന്ദ്രൻ | 50000/- | BRN 2008101612932/21.03.25 |
| ആകെ | 200000 | |

(ബി )പ്രോജക്ട് നം.59/25 -വീട് വാസയോഗ്യമാക്കൽ-ജനറൽ

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./ തീയതി |
|---|---|---|
| ശ്രീമതി കമലമ്മ | 50000/- | 978/10.03.25 |

(സി) പ്രോജക്ട് നം.177/25 – വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (എസ് സി)-Spill Over

വികസന ഫണ്ട് (എസ് സി പി) - 2435380

ചെലവ് - 2585380

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|
| ശ്രീമതി രമ | 75000/- | BRN 200810100179261/17.05.24 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിന്റെ നിലവിലെ സ്ഥിതി വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/02.08.25) മെയിന്റനൻസ് പ്രവൃത്തി ഉടനെ പൂർത്തിയാകുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വീടുകൾ വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ മേൽ മൂന്ന് പ്രോജക്ടുകളിലായി 5 ഗുണഭോക്താക്കൾക്ക് നൽകിയ 325000/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 ജി എസ് റ്റി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല

പ്രോജക്ട് നം.S0025/25-വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ - 635040 (വികസന ഫണ്ട്)

ചെലവ് - 304500 (BRN 2008701216593/23.01.2025)

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 2900/- രൂപ നിരക്കിൽ പി ജി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.7/21.01.25 പ്രകാരം 105 കട്ടിൽ വാങ്ങിയിട്ടുണ്ട്. രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ പി ജി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് തുക നൽകിയപ്പോൾ ഉറവിടത്തിൽ നിന്നും 2% ജി.എസ്.റ്റി കുറവ് ചെയ്തിട്ടില്ല. പ്രസ്തുത സ്ഥാപനം Composition Dealer ആയതിനാലാണ് ജി.എസ്.റ്റി കുറവ് ചെയ്യാതിരുന്നത് എന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/01.08.25) മറുപടി ലഭ്യമാക്കി. എന്നാൽ ഇതേ സ്ഥാപനത്തിന് പ്രോജക്ട് നം. S0159/25-വയോജനങ്ങൾക്ക് കട്ടിൽ (Spill Over) പ്രകാരം 1,45,000/-രൂപ അനുവദിച്ചപ്പോൾ ജി.എസ്.റ്റി കുറവ് ചെയ്തിട്ടുമുണ്ട് (BRN 2008700180170/17.05.2024/PG Entrprises -142100, GST-2900). ആയതിനാൽ ടി വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു:

1.സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ എന്ന പ്രോജക്ട്, സ്പിൽ ഓവറായി നം.205/25 പ്രകാരവും പുതിയ പ്രോജക്ടായി നം.43/25 പ്രകാരവും നടപ്പാക്കിക്കാണുന്നു. ടി പ്രോജക്ടുകളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്ന പ്രകാരമാണ്-

| പ്രോജക്ട് നം. | ഫണ്ട് ഇനം, അടങ്കൽ | തുക | ടി.ആർ.എൻ |
|---|---|---|---|
| 43/2025 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 482000/- | 1,41,703 | PFMS VR.NO.XVFC/2024-25/P/38 |
| | ജില്ലാ പഞ്ചായത്ത് 10,00,000 | 10,00,000 | 240704000000016622/12.03.25 |
| | | 11,41,703 | |

| പ്രോജക്ട് നം. | ഫണ്ട് ഇനം | തുക | ടി.ആർ.എൻ |
|---|---|---|---|
| 205/2025 | വികസന പൊതു ഫണ്ട് 11,80,278 | 11,80,278 | 240704000000016500/11.03.25 |

ടി തുക അനുവദിച്ചിട്ടുള്ളത് വിവിധ വാർഡുകളിലേക്ക് ലൈൻ എക്സ്റ്റൻഷന് കെ.എസ്.ഇ.ബി കണക്കാക്കിയിട്ടുള്ള ആകെ 23,21,981/-രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ്. കെ.എസ്.ഇ.ബി ഇത് സംബന്ധിച്ച് നല്കിയ വർക്ക് ഓർഡറും ഫയലിൽ ഉണ്ട്. തുകയുടെ (ആകെ 23,21,981/-രൂപ) വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തടസ്സപ്പെടുത്തുന്നു.

2.പ്രോജക്ട് നം.41/2025 ഭിന്ന ശേഷി റീഹാബിലിറ്റേഷൻ സെന്റർ-ജില്ലാ പഞ്ചായത്തിന് വിഹിതം നല്കൽ എന്ന പ്രോജക്ടിലേക്ക് വികസന (ജനറൽ) ഫണ്ടിൽ നിന്ന് 2,00,000/-രൂപ ചെലവഴിച്ചു. (ടി.ആർ.എൻ240704000000013424/08.01.25) തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് വിധേയമായി 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## <u>1-26 പ്രവൃത്തികൾ കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല</u>

അസിസ്റ്റന്റ് എഞ്ചിനീയർ 2024-25 സാമ്പത്തികവർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയിട്ടുള്ള പല റോഡ് പ്രവൃത്തികളും കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ഫൈൻ ഈടാക്കാതെ

ഫൈനൽ ബില്ല് നല്കിയ പ്രവൃത്തികൾക്ക് ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പേര് | കാലയളവ് | ആരംഭിച്ച തീയതി | പൂർത്തീകരണ തീയതി | കരാർ തുക |
|---|---|---|---|---|---|
| 61/2024 | ചെട്ടിയാരത്ത് ആലുമ്മൂട്- കമുകുംവിള റീടാറിംഗ് | 9 മാസം | 16.02.2024 | 14.06.2025 | 905068 |
| 136/2024 | ക്ലോറൈഡ് ഫാക്ടറി- നെയ്യത്ത് ജംഗ്ഷൻ റോഡ് റീടാറിംഗ് | 6 മാസം | 31.01.2024 | 12.03.2025 | 882579 |
| 172/2024 | കമ്പനിപ്പടി- തട്ടയ്ക്കാട്ടുപടി റോഡ് റീടാറിംഗ് | 6 മാസം | 04.02.2024 | 17.03.2025 | 797078 |
| 251/24 | കൾവർട്ട് കൺസ്ട്രക്ഷൻ | 6 മാസം | 16.03.2024 | 14.06.2025 | 278729 |
| 104/24 | തച്ചിരേത്ത് തോട് റോഡ് കോൺക്രീറ്റിംഗ് | 6 മാസം | 18.01.2024 | 21.03.2025 | 494661 |

മേൽ പ്രവൃത്തികൾ ഉൾപ്പെടെയുള്ളവ കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിയ്ക്കാതിരുന്നത് ജൽ ജീവൻ മിഷൻ പൈപ്പ് ഇട്ട ശേഷം റോഡ് പുന:സ്ഥാപിച്ചു നല്കുവാൻ വൈകിയതിനാലാണ് എന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിലും അനുബന്ധ ഫയലുകളിലും നിന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. എന്നാൽ പ്രവൃത്തികളുടെ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് പ്രത്യേക അനുമതിയോ തീരുമാനമോ എടുത്തിട്ടില്ല എന്ന ന്യൂനത കാണുന്നു. ടി വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.21/02.08.2025) മറുപടിയിൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന്

റിസ്റ്റോറേഷൻ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷമാണ് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ സന്നദ്ധരായതെന്നും, ആയത് ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് പൂർണ്ണബോദ്ധ്യമുള്ളതാണെന്നും, പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അഡീഷണൽ വർക്കുകൾ ഡി.പി.സി അംഗീകരിച്ച് നല്കിയതാണെന്നും, വ്യക്തമായ തീരുമാനം എടുക്കാത്തത് സാധൂകരിക്കുന്നതിന് അടുത്ത കമ്മറ്റിയിലേക്ക് അപേക്ഷിക്കുന്നതാണെന്നും മറുപടി ലഭിച്ചു. ടി വിഷയത്തിൽ പ്രത്യേക കമ്മിറ്റി തീരുമാനം എടുക്കേണ്ടതും വാട്ടർ അതോറിറ്റിയിൽ നിന്ന് നടത്തിയ പ്രവൃത്തികൾ മൂലം റോഡ് റീസ്റ്റോറേഷൻ വർക്കുമായി ബന്ധപ്പെട്ട് വന്ന അധിക ചെലവ്, ഓരോ പ്രവൃത്തികളുടെയും പ്രത്യേകമായി കണക്കുകൂട്ടി ജൽജീവൻ മിഷനിൽ നിന്ന് തുക റീഫണ്ട് ചെയ്ത് കിട്ടുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് റീക്കൂപ്പ് ചെയ്ത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ശേഷിക്കുന്ന മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നും മരുന്ന് വിതരണത്തിനുള്ള അനുബന്ധ സാധനങ്ങളും വാങ്ങൽ |
| പ്രോജക്റ്റ് നം. | S0293/25 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/-(TRN നം. 24704000000012568/21.12.24) |

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും അനുബന്ധസാമഗ്രികളും വാങ്ങുന്നതിനായി 3,00,000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി

ലിമിറ്റഡിന് (ഹോംകോയ്ക്ക്) നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 1,90,937/- രൂപയുടെ മരുന്നുകൾ (Inv.No.LF 363/11.06.25) മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (1,09,063/-) മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/28.07.25) മരുന്നുകൾ അടിയന്തിരമായി ലഭിക്കുന്നതിന് ഹോംകോ-യ്ക്ക് കത്ത് നൽകിയെന്ന് അറിയിച്ചു. മരുന്നുകൾ ലഭിക്കുന്ന മുറക്ക് ആയത് സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ലഭ്യമാകാനവശേഷിക്കുന്ന മരുന്നുകൾക്കായി ചെലവഴിച്ച 1,09,063/-രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-28 പി.എച്ച്.സി-യ്ക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായില്ല</u>

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ സാന്ത്വന പരിചരണം എന്ന പദ്ധതിക്ക് വേണ്ടി പി.ആർ.എഫ് -3801/തീയതി 21/02/2025, എന്ന ഇൻവോയ്സ് പ്രകാരം 2,94,732/- രൂപയും, പി.ആർ.എഫ് -3224/ തീയതി 27/01/2025, എന്ന ഇൻവോയ്സ് പ്രകാരം 1,91,216/- രൂപയും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ വഴി അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0069/25 |
| പ്രോജക്റ്റ് | സാന്ത്വന പരിചരണം പദ്ധതി |
| അടങ്കൽ | 1200000/-<br>500000/-(പൊതുവിഭാഗം സാധാരണ വിഹിതം-വികസന ഫണ്ട്)<br>200000/-(തനത് ഫണ്ട്)<br>500000/-(ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ ചെലവ് | 779668/-<br>420332/-(പൊതുവിഭാഗം സാധാരണ വിഹിതം-വികസന ഫണ്ട്)<br>168120/-(തനത് ഫണ്ട്)<br>191216/- (ബ്ലോക്ക് പഞ്ചായത്ത്) |

| | |
|---|---|
| മരുന്നിനായി ചെലവഴിച്ച തുക, ബിൽ നമ്പർ | ബിൽ തുക: 319452/- (24720/-+294732/-)<br>ബിൽ നമ്പർ: BRN 24070452008401455895<br>തീയതി: 07-03-2025<br>ബിൽ തുക: 191216/-<br>ബിൽ നമ്പർ: BRN 24070452008401309917<br>തീയതി: 11-02-2025 |

മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ **ഓഡിറ്റ് എൻക്വയറി (നം.**24/02.08.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച പദ്ധതിയിൽ 4,85,948/- ചെലവഴിച്ചതിൽ മരുന്ന് ഒന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിനായി ചെലവഴിച്ച 4,85,948/- (2,94,732+1,91,216) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 എം.ജി.എൻ.ആർ.ഇ.ജി.എസ് - പ്രവൃത്തി നിർവഹണത്തിൽ ഗുരുതര അപാകതകൾ.

പ്രവൃത്തിയുടെ പേര് -കാലിത്തൊഴുത്ത് നിർമ്മാണം -വാർഡ് 7
വർക്ക് കോഡ് – IF/659625
എം ബുക്ക് നം -119/21-22
പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.
1.ഫയലിൽ സൂക്ഷിച്ച ഡിസ്പ്ലേ ബോർഡിന്റെ ഫോട്ടോയുടെ പകർപ്പ് പ്രകാരം 11.12.21 ൽ ആരംഭിച്ച പ്രവൃത്തി 17.02.22 ൽ പൂർത്തിയായിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷവും മസ്റ്റർ റോളിൽ (നം.7042 & 7043/26.10.22) ഹാജർ രേഖപ്പെടുത്തി അവിദഗ്ധതൊഴിലാളികളുടെ (29.10.22 മുതൽ 04.11.2022 & 05.11.22 മുതൽ 08.11.22 വരെ) വേതനമിനത്തിൽ തുക (6402/-രൂപ) നൽകിയിട്ടുണ്ട്.
2. സ്കിൽഡ് & സെമി സ്കിൽഡ് തൊഴിലാളികളുടെ വേതനമിനത്തിൽ യഥാക്രമം 8700 & 29400/-രൂപ ചെലവഴിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവരുടെ പേര്, ഹാജർ, പ്രവൃത്തി ചെയ്ത തീയതി തുടങ്ങിയ വിവരങ്ങൾ മസ്റ്റർ റോളിൽ (7044 & 7045/26.10.22) രേഖപ്പെടുത്തിയിട്ടില്ല.
പ്രവൃത്തിയിൽ തൊഴിലാളികളുടെ വേതനം 2021-22 വർഷവും മെറ്റീരിയൽ ഇനത്തിലെ തുക (50165/- FTO 2606202416450/26.06.24) ഓഡിറ്റ് കാലയളവിലുമാണ് ചെലവഴിച്ചത്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/01.08.25), 08.11.22 ലാണ് ടി പ്രവൃത്തി പൂർത്തിയായതെന്നും പ്രവൃത്തി സ്ഥലത്ത് സ്ഥാപിച്ച ബോർഡിൽ പൂർത്തിയാക്കിയ തീയതി തെറ്റായാണ് രേഖപ്പെടുത്തിയതെന്നും അറിയിച്ചു. മറുപടി സാധൂകരിക്കുന്നതിനാവശ്യമായ വിവരം ലഭ്യമാക്കാത്തതിനാലും ഫയലിൽ വർക്ക് കംപ്ലീഷൻ റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്താത്തതിനാലും ടി മറുപടിയുടെ ആധികാരികത വ്യക്തമാകുന്നില്ല. ക്രമ നം. 2 അപാകതക്ക്, എം ബുക്കിൽ രേഖപ്പെടുത്തിയെങ്കിലും അവിദഗ്ദ്ധതൊഴിലാളികളുടെ വേതനം നൽകിയിട്ടില്ല എന്നും Zero Attendance എന്ന് മസ്റ്റർ റോളിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചു.

യഥാർത്ഥത്തിൽ ചെലവ് നടക്കാതെ ചെലവ് വിവരം എം ബുക്കിൽ രേഖപ്പെടുത്തി അക്രഡിറ്റഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതും മറുപടിയിൽ വ്യക്തമാക്കിയ വിധം തെറ്റായ തീയതി ബോർഡിൽ രേഖപ്പെടുത്തിയതും പ്രവൃത്തി പൂർത്തീകരണ തീയതി സംബന്ധിച്ച് ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കാത്തതും തൊഴിലുറപ്പ് പദ്ധതിയിലെ ഉത്തരവാദപ്പെട്ട ജീവനക്കാരുടെയും ഗ്രാമപഞ്ചായത്ത് തലത്തിലെ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുള്ള ഗുരുതരവീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി -നിർവ്വഹണ രേഖകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല

2024-25 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ച വിവിധ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, നിർവ്വഹണ രേഖകൾ സുതാര്യമായ രീതിയിലല്ല എഴുതി സൂക്ഷിച്ചിട്ടുള്ളതെന്ന് കണ്ടു. ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹിച്ച പ്രവൃത്തികളുടെ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിക്കുന്നില്ല.

2. അളവുപുസ്തകത്തിൽ മെഷർമെന്റ് തീയതി രേഖപ്പെടുത്തുന്നില്ല. (ഉദാ:-അളവുപുസ്തകം 147/21-22, 119/21-22)

3.സ്കിൽഡ് & സെമി സ്കിൽഡ് തൊഴിലാളികളുടെ മസ്റ്റർ റോളിൽ പേര്, ഹാജർ, പ്രവൃത്തി ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. (ഉദാഃ വാർഡ് 7 ൽ കാലിത്തൊഴുത്ത് നിർമ്മാണം)

4. ഫയലിൽ സൂക്ഷിക്കുന്ന കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ പ്രവൃത്തി പൂർത്തിയാക്കിയ തീയതി

രേഖപ്പെടുത്തിയിട്ടില്ല.

5. അനുബന്ധം 6 പ്രകാരമുള്ള വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയ വിവരങ്ങൾ ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. (അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ & സെക്രട്ടറി/ അസിസ്റ്റന്റ് സെക്രട്ടറി)

6. അളവ്പുസ്തകത്തിൽ പാർട്ട് പേമെന്റുകൾ സാക്ഷ്യപ്പെടുത്തുന്നില്ല, അവസാന ചെലവ് വിവരം (മെമ്മോറാണ്ടം ഓഫ് പേമെന്റ്) മാത്രം അക്രഡിറ്റഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നു.

7. ഓരോ പ്രവൃത്തിയിലും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് തുക നൽകിയിട്ടുണ്ടെങ്കിലും എല്ലാ ഫയലിലും ആയതിന്റെ ഫോട്ടോകൾ സൂക്ഷിച്ചിട്ടില്ല.

8. പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡുകളിൽ പ്രവൃത്തി ആരംഭിച്ച തീയതി, പൂർത്തിയാക്കിയ തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

9. അളവു പുസ്തക പ്രകാരം പ്രവൃത്തി പൂർത്തിയാക്കി മാസങ്ങൾക്ക് ശേഷമാണ് ചെക്ക്മെഷർമെന്റ് ചെയ്യുന്നത്.

ഉദാ:- എ) 8-ാം വാർഡിൽ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ - 27.09.24 ൽ പ്രവൃത്തി പൂർത്തിയായെങ്കിലും 03.06.25 ലാണ് ചെക്ക് മെഷർ ചെയ്തത്.

ബി) 17-ാം വാർഡിൽ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ - 09.01.25 ൽ പ്രവൃത്തി പൂർത്തിയായെങ്കിലും 07.07.25 ലാണ് ചെക്ക് മെഷർ ചെയ്തത്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/01.08.25), അപാകത പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ക്രമപ്രകാരം സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 എം.ജി.എൻ.ആർ.ഇ.ജി.എസ് -ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിൽ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല

2024-25 ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ചതിന് ഓരോ

പ്രവൃത്തികൾക്കും അതത് മേറ്റുമാരുടെ പേരിൽ പ്രത്യേകമായി തുക നൽകിയിട്ടുള്ളതായി കാണുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 14.9.2018 ലെ 2579/EGS-C/17/REGS നടപടിക്രമം അനുസരിച്ച് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് കുടുംബശ്രീ സംരംഭ ഗ്രൂപ്പിനെ ഏൽപ്പിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകൾക്ക് പരിശീലനം ലഭ്യമാക്കണമെന്നും തൊഴിലുറപ്പ് പദ്ധതിയുടെ എംബ്ലം ടൈലുകളിൽ പതിച്ചശേഷം പ്രസ്തുത ടൈൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ ഒട്ടിച്ച് വെക്കണമെന്നും ആയതിനുള്ള പരിശീലനം നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിലും ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശം നടപ്പിലാക്കിയതായി കാണുന്നില്ല. ഓഡിറ്റ് കാലയളവിൽ ഡിസ്പ്ലേ ബോർഡിന് പ്രത്യേകമായി ടെണ്ടർ ക്ഷണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള പരമാവധി തുക മേറ്റുമാരുടെ അക്കൗണ്ടുകളിലേക്ക് നൽകിവരുന്നതായി കാണുന്നു. മിഷൻ ഡയറക്ടറുടെ നിർദ്ദേശം നടപ്പിലാക്കാതിരുന്നത് പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/01.08.2025) ലഭ്യമാക്കിയ മറുപടിയിൽ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ചുമതല കുടുംബശ്രീയെ ഏൽപിച്ചാൽ തൊഴിലുറപ്പ് പദ്ധതിയുടെ നടപടിക്രമങ്ങളിൽ കാലതാമസം വരുവാനുള്ള സാധ്യതയുണ്ടെന്നതിനാൽ ബോർഡുകൾ സ്ഥാപിക്കുന്നതിൽ ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നതായി സെക്രട്ടറി എക്സിറ്റ് മീറ്റിംഗിലും അറിയിച്ചു. ചെലവിന്റെ സുതാര്യത ഉറപ്പാക്കി വിഷയത്തിൽ ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതും ആയതിന്റ വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## **1-32 മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾക്ക് ലഭിച്ച തുക നിഷ്ക്രിയ നിക്ഷേപമായി തുടരുന്നു**

സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ജില്ലാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുക ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് ലഭിച്ച തുക വർഷങ്ങളായി ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി തുടരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| Code | Head | Amount |
|---|---|---|
| 320100153 | Panchayat Yuva Krida Aur Khel Abhiyan | 763891 |
| 320200102 | Development Fund -SCP- Capital | 1538294 |

| | | |
|---|---|---|
| 320300103 | Grants, Funds & Contributions For Specific Purposes - Other Government Agencies- Total Sanitation | 6491281 |
| 320300199 | Grants, Funds & Contributions For Specific Purposes - Other GovernmentAgencies | 3268758 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From BlockPanchayats | 2050687 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From DistrictPanchayats | 178,907 |

ഈ തുക ഏതൊക്കെ പ്രോജക്കുകൾക്കായി ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതാണെന്നുള്ള വിവരം ലഭ്യമല്ല. പ്രസ്തുത തുക ബാദ്ധ്യതയായി ഇപ്പോഴും അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/31.07.2028) പദ്ധതികൾ ഇല്ലാത്തതുമൂലമാണ് തുക ചെലവഴിക്കാൻ കഴിയാതിരുന്നതെന്നും 2025-26 ൽ പദ്ധതികൾ ഉൾപ്പെടുത്തി തുക ചെലവഴിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തപക്ഷം തുക ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കുകയോ അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

കൂടാതെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം Recoveries Payable- Value Added Tax ഇനത്തിൽ 5533/- രൂപ ബന്ധപ്പെട്ട് ഹെഡ്ഡിൽ തിരിച്ചടയ്ക്കാതെ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു. ജി.എസ്.റ്റി നടപ്പിലായ ശേഷവും ടി തുക ബാധ്യതയായി നിലനിൽക്കുകയാണ്. പ്രസ്തുത തുക ട്രഷറി വഴി അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (11/31.07.2028) മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 ഹരിത കർമ്മസേനയ്ക്ക് ട്രോളി-സ്ഥാപനത്തിന് അധികം നൽകിയ 15000/-രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

പ്രോജക്ട് നം.337/25 പ്രകാരം ഹരിത കർമ്മസേനയ്ക്ക് ട്രോളി എന്ന പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്ന് (ജനറൽ) 1,89,000/-രൂപയും കേന്ദ്രഫണ്ടിൽ നിന്ന് (SBM) 4,41,000/-രൂപയും ചേർത്ത് ആകെ 6,30,000/-രൂപ ചെലവായിട്ടുണ്ട് (ട്രി.ആർ.എൻ. 240704000000016454/10.03.25). ജെം മുഖേന PICKER BIRD, KANJIKODE, PIN.678623 എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ജെം മുഖേന ടി സ്ഥാപനം ബിഡ് ചെയ്തിട്ടുള്ള തുക, സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസ് ഇവ പ്രകാരം 30 ട്രോളിയുടെ വില ആകെ 615000/-രൂപ മാത്രമാണെന്നിരിക്കെയാണ് അധികമായി 15000/- രൂപ സ്ഥാപനത്തിന് നല്കിയത്. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.04/28.07.2025) നൽകിയതിനെ തുടർന്ന് ടി സ്ഥാപനം അധികം കൈപ്പറ്റിയ 15000/-രൂപ 29.07.2025-ൽ NEFT വഴി തനത് ഫണ്ടിൽ തിരികെ ഒടുക്കിയെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. തുക വികസനഫണ്ട്/കേന്ദ്രഫണ്ടിലേക്ക് ആനുപാതികമായി അടവാക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ജൽ ജീവൻ പദ്ധതി അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### ജൽജീവൻ മിഷൻ - കേരളം

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ നൽകുക

തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

## ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ

സ.ഉ.(കൈ)നം.37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

## നിർവ്വഹണ സഹായ ഏജൻസി

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ഇടുക്കി കഞ്ഞിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡെവലപ്മെന്റ് (SORD) എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ ഏർപ്പെട്ടു വേണം പദ്ധതി ആരംഭിക്കേണ്ടത്. ഭൂരിഭാഗവും നിലവിലുള്ള സ്രോതസ്സിന്റെ കാലഹരണപ്പെട്ട വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി ആയതിനാൽ കുടിവെള്ള വിതരണം തടസ്സമില്ലാതെ നടത്താൻ സാധിക്കുന്നു എന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത.

## പദ്ധതി വിലയിരുത്തൽ

2020-21 വർഷം 9,03,000/-രൂപ പ്രോജക്ട് നം.229-ജലജീവൻ മിഷൻ-വിഹിതം അടവാക്കൽ എന്ന പ്രോജക്ടിന് നല്കിയിട്ടുണ്ട്. പിന്നീട്, ഓഡിറ്റ് വർഷം (2024-25 വർഷം) 10,00,000/- രൂപ അടങ്കലോടെ പ്രോജക്ട് നം. 42-ജലജീവൻ മിഷൻ-വിഹിതം അടവാക്കൽ എന്ന പ്രോജക്ട് ഏറ്റെടുത്തുവെങ്കിലും ജലജീവൻ മിഷൻ പദ്ധതി പ്രകാരം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതും ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും

കുടിവെള്ളമെത്തിക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കേണ്ട 2 ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം നാളിതുവരെ ആരംഭിക്കാത്ത സാഹചര്യത്തിലും തുക കൈമാറിയിട്ടില്ലാത്തതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി വഴി എല്ലാവർക്കും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും, ആയതിന്റെ വിനിയോഗ വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച ഗ്രാന്റ് | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|
| 2021-22 (സ്കീം 3) | 349000 | 347174 | 1826 | 99.47 |
| (സ്കീം 4) | 210000 | 209981 | 19 | 99.99 |
| 2022-23 (സ്കീം 3) | 1149000 | 1148927 | 73 | 99.99 |
| (സ്കീം 4) | 467000 | 466924 | 76 | 99.98 |
| (സ്കീം 1) | 8325000 | 5900891 | 2424109 | 70.88 |
| 2023-24 (സ്കീം 3) | 480000 | 224500 | 255500 | 46.77 |

| | | | | |
|---|---|---|---|---|
| | | | | |
| (സ്കീം 4) | 744000 | 230036 | 513964 | 30.91 |

സ്കീം-3-രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം-4-കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ, സ്കീം-1-കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യസ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം എന്നിവയിലാണ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. ഫണ്ട് ലഭിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാലാണ് 2024-25 വർഷം ഫണ്ട് ചെലവഴിയ്ക്കാൻ കഴിയാതിരുന്നത്.

<u>ഹെൽത്ത് ഗ്രാന്റുപയോഗിച്ചുള്ള കെട്ടിടനിർമ്മാണം-</u>

2022-23 വർഷം ബിൽഡിംഗ് ലെസ്സ് സബ്സെന്ററേഴ്സ് ആന്റ് വെൽനെസ്സ് സെന്ററേഴ്സ് എന്ന സ്കീമിൽ ലഭ്യമായ 83,25,000/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി നം./പേര് | അടങ്കൽ | ചെലവ് | റിമാർക്ക്സ് |
|---|---|---|---|---|
| 2022-23 | നം.281-കൊയ്പ്പള്ളി-കാരാഴ്മ സബ്സെന്ററിനു കെട്ടിട നിർമ്മാണം | 2775000 | 350891 | പ്രവൃത്തി നടന്നു വരുന്നു |
| 2022-23 | നം.282-നടയ്ക്കാവ്-കാരാഴ്മ സബ്സെന്ററിനു കെട്ടിട നിർമ്മാണം | 2775000 | 2775000 | സർക്കാർ ഉത്തരവ് പ്രകാരം മുഴുവൻ തുകയും എൻ.എച്ച്.എം ന് കൈമാറി |
| 2022-23 | നം.280 – ആഞ്ഞിലിപ്ര | 2775000 | 2775000 | സർക്കാർ ഉത്തരവ് |

| | | | | |
|---|---|---|---|---|
| | സബ്സെന്ററിനു കെട്ടിട നിർമ്മാണം | | | പ്രകാരം മുഴുവൻ തുകയും എൻ.എച്ച്.എം ന് കൈമാറി |

## ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

| വർഷം | പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 2021-22 | പ്രോജക്ട് നം.203 / രോഗനിർണ്ണയത്തിന് വേണ്ട സാധനങ്ങളും ഉപകരണങ്ങളും വാങ്ങൽ (സ്കീം 3) | 349000 | 347174 | പദ്ധതി പൂർത്തീകരിച്ചു |
| 2021-22 | പ്രോജക്ട് നം.204 / ആരോഗ്യകേന്ദ്രങ്ങളെ വെൽനസ്സ് സെന്ററുകളായി ഉയർത്തുക (സ്കീം 4) | 210000 | 209981 | പദ്ധതി പൂർത്തീകരിച്ചു |
| 2022-23 | പ്രോജക്ട് നം.238 രോഗനിർണ്ണയസംവിധാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങളും സാധനങ്ങളും വാങ്ങലും വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തലും (സ്കീം 3) | 1149000 | 1148927 | പദ്ധതി പൂർത്തീകരിച്ചു |
| | പ്രോജക്ട് നം.240 ആരോഗ്യകേന്ദ്രങ്ങളെ വെൽനസ്സ് സെന്ററുകളായി | 467000 | 466924 | പദ്ധതി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| | ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ (സ്കീം 4) | | | |
| | പ്രോജക്റ്റ് നം.281- കൊയ്പ്പള്ളി-കാരാഴ്മ സബ് സെന്ററിനു കെട്ടിടനിർമ്മാണം (സ്കീം 1) | 2775000 | 350891 | പ്രവൃത്തി നടന്നുവരുന്നു |
| | പ്രോജക്റ്റ് നം.282-നടയ്ക്കാവ് കാരാഴ്മ സബ് സെന്ററിനു കെട്ടിട നിർമ്മാണം (സ്കീം 1) | 2775000 | 2775000 | സർക്കാർ ഉത്തരവ് പ്രകാരം മുഴുവൻ തുകയും എൻ.എച്ച്.എം ന് കൈമാറി |
| | പ്രോജക്റ്റ് നം.280-ആഞ്ഞിലിപ്ര സബ് സെന്ററിനു കെട്ടിട നിർമ്മാണം (സ്കീം 1) | 2775000 | 2775000 | സർക്കാർ ഉത്തരവ് പ്രകാരം മുഴുവൻ തുകയും എൻ.എച്ച്.എം ന് കൈമാറി |
| 2023-24 | രോഗനിർണ്ണയ സൌകര്യം മെച്ചപ്പെടുത്തൽ (സ്കീം 3) | 480000 | 224500 | പദ്ധതി നടന്നുവരുന്നു |
| 2023-24 | ആരോഗ്യകേന്ദ്രങ്ങളെ വെൽനസ്സ് സെന്ററുകളാക്കി ഉയർത്തുന്ന പ്രവർത്തനങ്ങൾ (സ്കീം 4) | 744000 | 43920 | പദ്ധതി നടന്നുവരുന്നു |

## ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ, ചെലവഴിച്ച തുക എന്നിവയുടെ വിവരങ്ങൾ

| വർഷം | ഉപകരണങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 2022-23 | ജിം എക്യുപ്മെന്റ്സ്. | 86245/- |
| 2022-23 | ലാബിലേക്ക് ഓൺലൈൻ യു.പി.എസ് | 260410/- |
| 2023-24 | ഇമ്യൂണോ അനലൈസർ | 97940/- |
| 2023-24 | സെമി അനലൈസർ | 49324/- |
| 2023-24 | റിസർച്ച് മൈക്രോസ്കോപ്പ് | 58410/- |
| 2023-24 | വിസി കൂളർ | 47000/- |
| 2023-24 | ലാബ് എയർകണ്ടീഷനിംഗ് | 281417/- |
| 2024-25 | ലാപ്ടോപ്പ്- 8 എണ്ണം | 355000/- |
| 2024-25 | പ്രിന്റർ-3 എണ്ണം | 55616/- |

## ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി, ഫലപ്രാപ്തി എന്നിവ

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ സ്കീം 1, സ്കീം 3, സ്കീം 4 എന്നീ ഇനങ്ങളിൽ ലഭ്യമായ ഗ്രാന്റ് തുകയുടെ 72.74% ചെലവഴിച്ചിട്ടുണ്ട്. സബ്സെന്റർ കെട്ടിടനിർമ്മാണത്തിനായി ലഭിച്ച തുക ഉപയോഗിച്ച് കൊയ്പ്പള്ളി-കാരാഴ്മ സബ് സെന്റർ, നടയ്ക്കാവ്- കാരാഴ്മ സബ് സെന്റർ, ആഞ്ഞിലിപ്ര സബ് സെന്റർ എന്നിവയ്ക്കുള്ള കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശിപാർശകൾ

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ലാബുകൾ സ.ഉ(സാധാ)നം. 1149/2024 എൽ.എസ്.ജി.ഡി തീയതി 27.06.2024 പ്രകാരം 01.10.2024 പ്രാബല്യത്തിൽ പരിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 2024-25 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ, തീയതി എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം.5/28.07.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1. | സുധാമണി. എസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 43386/- | 300 | 600 | 300 |
| 2. | മറിയാമ്മ ജോർജ്ജ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 54769/- | 450 | 750 | 300 |
| 3. | രാധാമണി.കെ | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 54936/- | 450 | 750 | 300 |
| 4. | നിഷ ജോയ് | മറ്റം സെന്റ് ജോൺസ്.എച്ച്. | 52758/- | 450 | 750 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | എസ്.എസ്, നഴ്സറി & പ്രൈമറി | | | | |
| 5. | ജെസ്സി വർഗ്ഗീസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 53746/- | 450 | 750 | 300 |
| 6. | ജെസ്സി തോമസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 49278/- | 450 | 750 | 300 |
| 7. | ബെറ്റി രാജൻ | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 47372/- | 450 | 750 | 300 |
| 8. | പ്രജമുദ.പി | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 44569/- | 300 | 600 | 300 |
| 9. | ഗ്ലാഡിസ്.ജെ.പി | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 46602/- | 450 | 750 | 300 |
| 10. | റീബ വർഗ്ഗീസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 43004/- | 300 | 600 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 11 | അർച്ചന.സി.കുറുപ്പ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 41538/- | 300 | 600 | 300 |
| 12 | നീതു | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 23282/- | 180 | 450 | 270 |
| 13 | ഷൈനി തോമസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 41358/- | 300 | 600 | 300 |
| 14 | ശ്രീജ.എസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 40060/- | 300 | 600 | 300 |
| 15 | ഷാനി തോമസ് | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 55164/- | 450 | 750 | 300 |
| 16 | ദീപ്തി റെയ്ച്ചൽ | മറ്റം സെന്റ് ജോൺസ്.എച്ച്. എസ്.എസ്, നഴ്സറി & പ്രൈമറി | 41606/- | 300 | 600 | 300 |
| 17 | സൂസമ്മ വർഗ്ഗീസ് | മറ്റം സെന്റ് ജോൺസ്.എച്ച്. | 35196/- | 300 | 600 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | എസ്.എസ്, നഴ്സറി & പ്രൈമറി | | | | |
| 18 | ജോളി റെൻസി ഡാനിയേൽ | മറ്റം സെന്റ് ജോൺസ്.എച്ച്.എസ്.എസ്, നഴ്സറി & പ്രൈമറി | 30336/- | 300 | 600 | 300 |
| 19 | സുനി സാറാ ജോർജ്ജ് | ഹോളി മേരി സെൻട്രൽ സ്ക്കൂൾ | 111600/- | 750 | 1000 | 250 |
| | | | | | ആകെ | 5620 |

ഈടാക്കാനവശേഷിക്കുന്ന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>2-2 സഞ്ചയയിൽ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ നികുതി ഈടാക്കിയതിൽ കുറവ്</u>

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസ് പരിശോധിച്ചതിൽ ഉപയോഗക്രമം തെറ്റായി ചേർത്തതിനാൽ നികുതി നിരക്കിൽ വ്യത്യാസമുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്, കെട്ടിട നമ്പർ, തറ വിസ്തീർണ്ണം, അസെസ്മെന്റ് തീയതി | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമം, ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | വസ്തുനികുതിയിൽ ഉണ്ടായ നഷ്ടം (രൂപ) |
|---|---|---|---|---|
| 1 | ഗിരീഷ് നായർ, രാജശ്രീ നായർ, 5/26B, താഴത്തെ നില- 177.75 ച.മീ, | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് | 864/- |

| | | | | |
|---|---|---|---|---|
| | ഒന്നാം നില-127.02ച.മീ, ആകെ- 304.77 ച.മീ 17.02.2025 | വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ നികുതി നിരക്ക് -8.4/- അടിസ്ഥാന വസ്തു നികുതി-8.4X 304.77=2560.068/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%-512.013/- തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്- 15%-384.0102 ആകെ വസ്തു നികുതി-3457/- | വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.ൽ മുകളിലുള്ളവ നികുതി നിരക്ക് -10.5/- അടിസ്ഥാന വസ്തു നികുതി-10.5X 304.77=3200.085/- റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%-640.017/- തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ്- 15%-480.0127 ആകെ വസ്തു നികുതി-4321/- | |

2024-25 രണ്ടാം അർദ്ധവർഷം മുതലാണ് കെട്ടിടത്തിന്റെ വസ്തുനികുതി ബാധ്യത. 2024-25 വർഷം 432/- രൂപ കുറവ് വന്നിട്ടുണ്ട്, വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് - വിവരശേഖരണം

| **01.04.2024-** മുൻപ് സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (2024-25) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്സ് |
| 15 | 89000 | 89000 | 0 | - |

**01.04.2024-** മുതൽ **30.06.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം

ഇല്ല

**01.07.2024- മുതൽ 31.07.2024 വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം**

ഇല്ല

| **01.08.2024-** മുതൽ **31.03.2025** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം | | | | | |
|---|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്സ് |

| | | | | | |
|---|---|---|---|---|---|
| | | കുടിശിക ഉൾപ്പെടെ) | | | |
| 1 | 31.01.2025 | 1000 | 1000 | 0 | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 581544 | പാലിന് സബ്സിഡി | 581544 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 479790 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 479790 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1804599 | ലൈഫ്ഭവന നിർമ്മാണം- (എസ് സി) | 1804599 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 200000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 191216 | സാന്ത്വന പരിചരിചരണ പദ്ധതി | 191216 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 256450 | സമഗ്ര നെൽകൃഷി വികസനം | 256450 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 207000 | ലൈഫ് ഭവന പദ്ധതി(റ്റി എസ് പി) | 207000 | 0 |

| | | | | | |
|---|---|---|---|---|---|
| **ആകെ** | | 3720599 | | 3720599 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 136280 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 136280 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 210612 | അനുപൂരക പോഷകാഹാര പരിപാടി | 210612 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 500000 | ജി ബിൻ-ഉറവിടമാലിന്യ സംസ്കരണം | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1000000 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1884802 | ലൈഫ് ഭവനപദ്ധതി(എസ് സി പി) | 1884802 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 652500 | സമഗ്ര നെൽകൃഷി വികസനം | 652500 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 980000 | ലൈഫ് ഭവനപദ്ധതി(ജനറൽ) | 980000 | 0 |
| **ആകെ** | | 5464194 | | 5464194 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നമ്പർ | തുക | | തുക |
|---|---|---|---|---|---|
| KSEB | STREET LINE EXTENSION | | 1141703 | 0 | 1141703 |
| KSEB | STREET LINE EXTENSION | | 1180278 | 0 | 1180278 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC (ലൈഫ്) | ഇല്ല | 9074049 | 22403258 | 2963228 | | 28514079 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരം നിക്ഷേപം | 30,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 1,00,00,000 |
| പലിശ | 2,75,735 |
| ആകെ | 1,32,75,735 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,32,75,735 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എച്ച് ഡി എഫ് സി, ചെട്ടികുളങ്ങര | 32,75,735 |
| എസ് ബി ഐ, ചെട്ടികുളങ്ങര | 1,00,00,000 |
| ആകെ | 1,32,75,735 |

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 3-3 | 8630 | ഇന്ദു എസ് എസ് (അസിസ്റ്റന്റ് എഞ്ചിനീയർ എൽഎസ്ജിഡി) | 1241300755/21.05.2024 |
| 2023-24 | 1-33 | 14957 | ശാരി ബി(അക്രഡിറ്റഡ് എഞ്ചിനീയർ എം.ജി.എൻ.ആർ.ഇ.ജി.എസ്) | 1241802698/25.02.2025 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-2008 | 3-38 | 2010-11 | 5.2.12(1) | പേപ്പർ ബാഗ് നിർമ്മാണം-ഒരേ പരിശീലനത്തിന് രണ്ട് നിരക്ക് | 18.06.2025 ൽ മറുപടി സമർപ്പിച്ചു |
| - | - | 2014-15 | 4.1.14 | നിഷ്ക്രിയ ആസ്തി സംബന്ധിച്ച് | 25/07/2025 തീയതിയിൽ മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2014-15, 2015-16 | 2-3 | 2016-17 | അനുബന്ധം 3, 4, 5 | തൊഴിൽ നികുതി | 06.05.2025 ൽ മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ് / സർ ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹13,38,94,875/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹12,63,36,621/- |
| വരവിനങ്ങളിലെ നഷ്ടം | ₹6052/- |

| | |
|---|---|
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹53,50,514 /- |

## ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 5620 | | ബാലനാരായണൻ കെ ബി, സെക്രട്ടറി |
| 2-2 | 432 | | ബാലനാരായണൻ കെ ബി, സെക്രട്ടറി |
| ആകെ | 6052 | | |

## <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 21,270/- | ബാലനാരായണൻ കെ ബി, സെക്രട്ടറി |
| 1-18 | ₹2,13,642/- | ശ്രീദേവി ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | ₹90,000/- | സന്തോഷ് കുമാർ എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | ₹8700/- | ഷൈന സദാശിവൻ, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-21 | ₹15,74,910/- | ഗായത്രി ജി എസ്, |

| | | |
|---|---|---|
| | | കൃഷി ഓഫീസർ. |
| 1-23 | ₹3,25,000/- | ഷൈലജ പി എസ്,വി ഇ ഒ |
| 1-25-1 | ₹23,21,981/- | ബാലനാരായണൻ കെ ബി,<br>സെക്രട്ടറി |
| 1-25-2 | ₹2,00,000/- | ബാലനാരായണൻ കെബി,<br>സെക്രട്ടറി |
| 1-27 | ₹1,09,063/- | ഡോ.മനോജ, മെഡിക്കൽ ഓഫീസർ<br>ഹോമിയോ ഡിസ്പെൻസറി |
| 1-28 | ₹4,85,948/- | ഡോ.നവനീത,<br>മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി |
| ആകെ | ₹53,50,514/- | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ബാലനാരായണൻ കെബി, | കൗൺസിൽ സെക്രട്ടറി, | കാലിക, തെക്കേവിള പി ഒ, കൊല്ലം |

| | | |
|---|---|---|
| സെക്രട്ടറി | കൊല്ലം കോർപ്പറേഷൻ | |
| ശ്രീദേവി ആർ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, വള്ളികുന്നം ഗ്രാമപഞ്ചായത്ത് | പുത്തൻവീട്, എസ് വി വാർഡ്, കായംകുളം |
| സന്തോഷ് കുമാർ എം, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചേപ്പാട് ഗ്രാമപഞ്ചായത്ത് | സന്തോഷ് ഭവനം, കല്ലുംമൂട്, കായംകുളം പി ഒ |
| ഗായത്രി ജി എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് | കണ്ടോളിൽ കിഴക്കതിൽ, ലക്ഷ്മി നഗർ-6, തെക്കേവിള പി ഒ,കൊല്ലം |
| ഡോ.നവനീത, മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി | മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി, ചെട്ടികുളങ്ങര | അടൂർകാരൻപറമ്പിൽ, എസ് വി വാർഡ്, കായംകുളം |
| ഡോ.മനോജ, മെഡിക്കൽ ഓഫീസർ-ഹോമിയോ | മെഡിക്കൽ ഓഫീസർ-ഹോമിയോ ഡിസ്പെൻസറി, ചെട്ടികുളങ്ങര | മഠത്തിൽ കിഴക്കതിൽ, ശക്തികുളങ്ങര പി ഒ, കൊല്ലം |
| ഷൈലജ പി എസ്, വി ഇ ഒ | വിഇഒ, ചെട്ടികുളങ്ങര | ലക്ഷ്മി സദനം, ഗോവിന്ദമുട്ടം പി ഒ, പുതുപ്പള്ളി |

| | | |
|---|---|---|
| ഷൈന സദാശിവൻ, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, ചെട്ടികുളങ്ങര | കളീയ്ക്കൽ, മുട്ടം പി ഒ, ഹരിപ്പാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജിഎ5-1832/11/ 02.02.2012 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2010-11 & 2011-12 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.7-1577/2022/ 10.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.7/1143/21/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.7/1144/21/04.05.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.7/270/2023/29.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി.7/1335/2023/20.12.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/പി 7 - 1023/2024/18/12/2024 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 23-06-2025 and submitted on 26-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Chettikulangara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Chettikulangara Grama Panchayat as on 31-03-2025

**Date: 27/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chettikulangara Grama Panchayat for the Year 2024-2025.

## 1.Major Observations

NIL

## 2.Other Observations

1.Amount of CFC Grants does not match with sulekha statement

2.Deposit register does not match with AFS.

3.Lapses in making timely demand entry.

4.Asset register not updated.

5.Collection and balance amount of auction as per register mismatch with AFS

Deputy Director

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്